അറിയാൻ കഴിഞ്ഞത്. നിയമസഭയെ സംബന്ധിച്ചിടത്തോളവും, നിയമസഭയുടെ ബിസിനസ് അഡൈ്വസറി കമ്മിറ്റിയെ സംബന്ധിച്ചിടത്തോളവും ഈ നിയമത്തിന്റെ പ്രാധാന്യവും ഗൗരവവും കണക്കിലെടുത്ത് ഉച്ച കഴിഞ്ഞ് മന്നിലേറെ ദിവസങ്ങൾ സഭ സമ്മേളിച്ച്, തിങ്കളാഴ്ച രാത്രി 10 മണി കഴിയുംവരെ ഇരുന്ന് പാസ്സാക്കിയ ഒരു നിയമം, അടിയന്തിരപ്രാധാന്യത്തോടുകൂടി പാസ്സാക്കിയ ഒരു നിയമം ഇതുവരെ മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്ന് ഗവർണ്ണറുടെ ഓഫീസിലേയ്ക്ക് പോയിട്ടില്ല എന്നുപറഞ്ഞാൽ അത് മാനേജുമെന്റുകൾക്ക് ഈ നിയമത്തെ ചോദ്യം ചെയ്യാനുള്ള അവസരം ഗവൺമെന്റ് ഒരുക്കിക്കൊടുക്കുകയാണ്. ശ്രീ. നാലകത്ത് സൂപ്പി ഇവിടെ പറഞ്ഞത് കോടതിയിൽ ആരോ പോയിരിക്കുകയാണ് അതുകൊണ്ട്, അതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതും നടപടി സ്വീകരിക്കുന്നതും സബ്ജുഡീസ് ആണെന്നാണ്. ഇങ്ങനെയൊരു സമീപനം ഈ ഗവൺമെന്റ് സ്വീകരിക്കുന്നത് ശരിയല്ല. ഇതു സംബന്ധിച്ച എല്ലാ പ്രശ്നങ്ങളും വിശദമായി ചർച്ച ചെയ്യേണ്ടതായിട്ടുണ്ട്. നിയമസഭ പാസ്സാക്കിയ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്ന രംഗത്തുണ്ടായിരിക്കുന്ന പ്രശ്നങ്ങൾ വിശദമായി സഭ ചർച്ച ചെയ്യേണ്ടതാണ്. അതിനു തയ്യാറാകാത്ത ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങളും ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ഡോ. എ. നീലലോഹിതദാസൻ നാടാരും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

(സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരായി)

III. ശ്രദ്ധക്ഷണിക്കൽ

(1) കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ. ടി. കെ. ദേവകുമാർ: സർ, കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് കയർ. എല്ലാ നിയമസഭാ സമ്മേളനത്തിലും കൃത്യമായി ഞാൻ ഇങ്ങനെയൊരു കാളിംഗ് അറ്റൻഷൻ അവതരിപ്പിക്കുകയും ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മറുപടി പറയുകയും ചെയ്യും. പക്ഷേ കയറിന്റെ സ്ഥിതി പഴയപടിയിൽ നിന്നും കാര്യമായി മുന്നോട്ടു പോകുന്നില്ല എന്നതാണ് സത്യം. സംസ്ഥാന സർക്കാർ പരമ്പരാഗത വ്യവസായങ്ങൾക്കുവേണ്ടി മാറ്റിവച്ച ഫണ്ടിനെ സംബന്ധിച്ചും അതിൽ എത്ര തുക ചെലവഴിക്കാൻ കഴിഞ്ഞുവെന്നതിനെ സംബന്ധിച്ചും വസ്തുതാപരമായ പരിശോധനയ്ക്ക് ഐക്യജനാധിപത്യ മുന്നണിയുടെ രാഷ്ട്രീയ നേതൃത്വം തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിലെ ഏറ്റവും കൂടുതൽ ജനങ്ങൾ പണിയെടുക്കുന്ന ഈ പൊതുമേഖലാ വ്യവസായം ഇന്ന് ഏതാണ്ട് സ്വകാര്യ മേഖലയുടെ പൂർണ്ണമായ നിയന്ത്രണത്തിൽ ആയിരിക്കുകയാണ്. സഹകരണ സംഘങ്ങളിൽ മഹാഭൂരിപക്ഷവും അടഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

കിടക്കുകയാണ്. സഹകരണ സംഘങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ പ്രവർത്തിച്ചുകൊണ്ടിരുന്ന സ്ഥാനത്ത് സഹകരണ നിയമത്തിൽ വരുത്തിയ മാറ്റത്തിന്റെ അടിസ്ഥാനത്തിൽ അഡ്മിനിസ്ട്രേറ്റർമാർ ഭരണത്തിൽ വരുകയുണ്ടായി. ഞാൻ അംഗമായിട്ടുള്ള സംഘത്തിലും അഡ്മിനിസ്ട്രേറ്റർ ഭരണം വന്നിട്ട് ഇപ്പോൾ ഒരു വർഷമായി. സംഘത്തിൽ തെരഞ്ഞെടുപ്പ് നടക്കുന്നില്ല. ഫണ്ടുള്ള സംഘത്തിൽ അഡ്മിനിസ്ട്രേറ്റർ ഭരണം വന്നതുകാരണം ഉള്ള ഫണ്ടുപോലും വിനിയോഗിച്ച് അഡ്മിനിസ്ട്രേറ്റർമാർ വ്യവസായം നടത്തുന്നില്ല. സഹകരണ നിയമത്തിന്റെ ഭാഗമായി ഭരണസമിതികളുടെ സ്ഥാനത്ത് വന്ന അഡ്മിനിസ്ട്രേറ്റർ സംഘങ്ങളിൽ അടിയന്തിരമായി തെരഞ്ഞെടുപ്പ് നടത്താൻ സർക്കാർ നടപടി സ്വീകരിക്കണം എന്നത് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടേയും മുഖ്യമന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. കാരണം കയർ വ്യവസായത്തിന്റെ നാട്ടിൽ നിന്ന് വരുന്നതാണ് കേരളത്തിലെ മുഖ്യമന്ത്രി. ചരിത്രത്തിലാദ്യമായി, ഒരു സഹകരണസംഘത്തിന് വ്യവസായ നഷ്ടം തിട്ടപ്പെടുത്തിയിട്ട്, ആ വ്യവസായനഷ്ടം സഹകരണസംഘത്തിന്റെ ഭരണസമിതി അംഗങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും വീതം വച്ച് 18 ശതമാനം പലിശയും ചേർത്ത് ഈടാക്കാൻ നടപടി ആരംഭിച്ചിരിക്കുന്നു. കേരളത്തിന്റെ ചരിത്രത്തിൽ ഇന്നുവരെ ഇതുപോലുള്ള ഏതെങ്കിലുമൊരു കയർ സഹകരണ സംഘത്തിന്റെ കാര്യം പറയാമോ? ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് നേരിട്ടറിയാവുന്ന കാര്യമാണിത്. എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെ ഒരു നിലപാട് ഉദ്യോഗസ്ഥർ സ്വീകരിക്കുന്നതെന്ന് പരിശോധിക്കണം. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിക്കുന്ന സംഘങ്ങളിൽ മാത്രമല്ല ഈ സ്ഥിതിയുള്ളത്. സഹകരണ സംഘത്തിന്റെ വ്യവസായ നഷ്ടം തിട്ടപ്പെടുത്തി 18 ശതമാനം പലിശകൂടി ചേർത്ത് ഭരണസമിതി അംഗങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും ഈടാക്കുന്ന നടപടികൾ എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് അറിയണം. ആ നടപടി സ്വീകരിക്കുന്നത് നിർത്തിവയ്ക്കാൻ ഗവൺമെന്റ് തയ്യാറാകണം വ്യാപകമായി കയർ സഹകരണസംഘങ്ങൾ ലിക്വിഡേറ്റു ചെയ്യാനുള്ള നടപടികളുമായി പ്രോജക്ട് ഓഫീസർമാർ മുന്നോട്ടുപോകുകയാണ്. ഈ ലിക്വിഡേഷൻ നടപടികൾ നിർത്തിവയ്ക്കണം. ഇപ്പോൾ ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്. പക്ഷേ പാക്കേജ് പ്രഖ്യാപിച്ചിട്ടില്ല. അടിയന്തിരമായി സഹകരണ സംഘം ഭാരവാഹികളുടേയും ട്രേഡ് യൂണിയൻ ഭാരവാഹികളുടേയും ഈ രംഗത്തു പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടേയും യോഗം വിളിച്ചുചേർത്ത് ബഡ്ജറ്റിൽ കൊള്ളിച്ചിരിക്കുന്ന തുകയ്ക്ക് ഒരു പാക്കേജ് തയ്യാറാക്കി സഹകരണ സംഘങ്ങളെ റിവൈവ് ചെയ്യാൻ ഗവൺമെന്റ് മുൻകൈ എടുക്കണം. സഹകരണ സംഘം പ്രവർത്തകരുമായി ഈ കാര്യം ചർച്ച ചെയ്യണം. സഹകരണ സംഘങ്ങളിൽ മഹാഭൂരിപക്ഷവും അടഞ്ഞു കിടക്കുകയാണ്. ഇപ്പോൾ കയർഫെഡ് ഉണ്ടാക്കിയിരിക്കുന്ന ബൈലാ ഭേദഗതിക്ക് ഗവണ്മെന്റ് അനുമതി കൊടുക്കാൻ പാടില്ല. ആ ബൈലാ ഭേദഗതി പരിശോധിക്കാനും വസ്തുതകൾ ബോധ്യപ്പെടുത്താനും തയ്യാറാകണം. ഒരു വർഷത്തിൽ ഒരിക്കലെങ്കിലും കയർ ഇറക്കാത്ത സംഘങ്ങളുടെ അഫിലിയേഷൻ റദ്ദാക്കുമെന്നുള്ളതാണ് പുതിയ

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി. സംഘങ്ങൾ അടഞ്ഞുകിടക്കുകയും സംഘങ്ങൾക്ക് ഫണ്ടില്ലാതിരിക്കുകയും റിവൈവൽ സ്ക്കീം നമ്മൾ തയ്യാറാക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ആ ബൈലാ ഭേദഗതിക്ക് അനുവാദം കൊടുക്കുന്നത് സംസ്ഥാന സർക്കാർ പുനഃപരിശോധിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. സംഘങ്ങൾ പുനരുദ്ധരിക്കാതെ മഹാഭൂരിപക്ഷം വരുന്ന സംഘങ്ങളിൽ നിന്ന് കയർ ഇറക്കാൻ കഴിയില്ല. കോൺഗ്രസ് ഭരിക്കുന്ന സംഘങ്ങളായാലും എൽ.ഡി.എഫ്. ഭരിക്കുന്ന സംഘമായാലും കയർ ഇറക്കാൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ട്. അത് സംഘത്തിന്റെ മാത്രം കുഴപ്പംകൊണ്ടുള്ളതല്ല. കയറ്റുമതി രംഗത്തെ ചില പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കാൻ ഉദ്ദേശിക്കുകയാണ്. ഇംപോർട്ട് ചെയ്ത ചകിരി കസ്റ്റംസുകാരും വിവിധ വകുപ്പുകളും ഉണ്ടാക്കിയിരിക്കുന്ന നിയമത്തിന്റെ നൂലാമാലകൾ കാരണം കൊച്ചിൻ പോർട്ടിൽ കെട്ടികക്കിടക്കുകയാണ്. ആളുകൾ എടുക്കാൻ തയ്യാറാകുന്നില്ല. ആ സ്ഥിതിവിശേഷത്തിന് പരിഹാരമുണ്ടാക്കണം. ഈ നിയമത്തിന്റെ നൂലാമാലകളിൽപ്പെട്ട് അതുപയോഗിക്കാൻ കഴിയാത്ത സ്ഥിതിവിശേഷം ഉണ്ടായിരിക്കുകയാണ്, ചകിരി ഇറക്കുമതി ചെയ്യാൻ തയ്യാറാകുന്നവർക്കുപോലും അത് വ്യവസായത്തിനുപയോഗിക്കാൻ കഴിയാത്ത സ്ഥിതിവിശേഷനത്തിന് പരിഹാരം കാണാൻ വകുപ്പുമന്ത്രിയും ഗവൺമെന്റും ഇടപെടണം. മറ്റൊന്ന്, പേറ്റന്റ്ഷിപ്പ് ഗൗരവമുള്ള വിഷയമാണ്. ഓരോ എക്സ്പോർട്ടേഴ്സും അവരുടെ ഉൽപ്പന്നങ്ങൾക്ക് പേറ്റന്റ് എടുത്തുകഴിഞ്ഞാൽ ഈ വ്യവസായത്തിന്റെ കയറ്റുമതിയെ ദോഷകരമായി ബാധിക്കും. ഈ രംഗത്ത് പുതിയ പുതിയ ഉൽപ്പന്നങ്ങൾ ഓരോരുത്തരും കണ്ടെത്താറുണ്ട്. ആരും ഇതുവരെ പേറ്റന്റ് എടുക്കാൻ ശ്രമിച്ചിട്ടില്ല. പേറ്റന്റ് എടുത്തുകഴിഞ്ഞാൽ അവർക്കുമാത്രമേ കയറ്റുമതി ചെയ്യാൻ കഴിയൂ. അതുകൊണ്ട് നിയമ വകുപ്പുമായി ആലോചിച്ച് നിലവിലുള്ള നിയമത്തിൽ ചെറിയ മാറ്റം വരുത്തണം. ഇപ്പോൾ പുതിയ ചില ഉൽപ്പന്നങ്ങൾക്കൊക്കെ രൂപം കൊടുക്കുകയാണ്. മെത്തയ്ക്ക് പകരം സാധാരണക്കാർ ഉപയോഗിക്കുന്ന ഉൽപ്പന്നവും ഡെവലപ് ചെയ്തിട്ടുണ്ട്. അതിന് പേറ്റന്റ് എടുത്തുകഴിഞ്ഞാൽ ഈ വ്യവസായത്തിന്റെ കയറ്റുമതിയെ ദോഷകരമായി ബാധിക്കും. അതുകൊണ്ട് കയറ്റുമതിയെ ദോഷകരമായി ബാധിക്കുന്ന രൂപത്തിൽ പേറ്റന്റ് എടുക്കാനുള്ള ഒരു സംവിധാനം ഇന്ന് നിലനിൽക്കുന്നു. അതിനെ എങ്ങനെ കൈകാര്യം ചെയ്യാൻ കഴിയുമെന്ന് നിയമ വകുപ്പുമായി ആലോചിച്ച് മാറ്റങ്ങൾ വരുത്താൻ തയ്യാറാകണം.

10 a.m.] അതുപോലെതന്നെ ചെറുകിട സംഘങ്ങൾ, coir mats and mattings സംഘങ്ങൾ ഇന്ന് വലിയ പ്രതിസന്ധിയിലാണ്. അതുകൊണ്ട് അവരുടെ പ്രവർത്തനങ്ങൾ പുനരാരംഭിക്കണം, സാമ്പത്തിക സഹായമുണ്ടാകണം. അതിന് ബഹുമാനപ്പെട്ട മന്ത്രിയുടെ പരിശോധനയ്ക്കായി ഞാനൊരു നിർദ്ദേശം വയ്ക്കുകയാണ്. ജില്ലാ സഹകരണ ബാങ്കുകളിൽ ഇന്ന് ഐ.സി.ഡി.പി. നടപ്പിലാക്കുന്നുണ്ട്. ജില്ലാ സഹകരണ ബാങ്കിൽ നടപ്പിലാക്കുന്ന ഐ.സി.ഡി.പി.-യുടെ പരിധിയിൽ ഈ കയർ സഹകരണ സംഘങ്ങളെക്കൂടി കൊണ്ടുവരികയും ആ പദ്ധതിയിൽനിന്നും ആസ്തിയുള്ള സംഘങ്ങൾക്ക് വായ്പ കൊടുക്കാൻ ബഹുമാനപ്പെട്ട സർക്കാർ മുൻകൈ എടുക്കുകയും ചെയ്യണം. Coir mats and mattings സഹകരണ സംഘങ്ങളിലെ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനത്തിന് അവരുടെ ആസ്തിയനുസരിച്ച് ജില്ലാ സഹകരണ ബാങ്കിന്റെ ഐ.സി.ഡി.പി.-യിൽനിന്നും വായ്പ കൊടുത്തുകൊണ്ട് അവരെ സഹായിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ തന്നെ ഇപ്പോൾ ഓണക്കാലത്തെ സ്ഥിതിവിശേഷം വളരെ ഗൗരവമാണ്. ആ ഗൗരവമായ സ്ഥിതിവിശേഷത്തെക്കുറിച്ച് പരിശോധിക്കാനും, കയർ കോർപ്പറേഷനെക്കൊണ്ട് ചെറുകിട ഉല്പാദകരുടെ സംഘങ്ങളിൽ നിന്നും coir mats and mattings-ന്റെ സംഘങ്ങളിൽ നിന്നും കുറച്ച് ഉല്പന്നം distress purchase ഫണ്ട് ഉപയോഗിച്ച് വാങ്ങി ആ വ്യവസായത്തിലെ ഇന്നത്തെ പ്രതിസന്ധി പരിഹരിക്കാനും നടപടിയെടുക്കണം. അമ്പലപ്പുഴ, ചേർത്തല താലൂക്കിൽ പട്ടിണിയാണ്, കയറ്റുമതിക്കാർ സാധനങ്ങൾ വാങ്ങുന്നില്ല, അവർ പരസ്പരം കിടമത്സരം നടത്തിയിട്ട് വാങ്ങുകയാണ്. അതുകൊണ്ട് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട കെ.ആർ ഗൗരിയമ്മയും ഞാനും മാരാരിക്കുളം എം.എൽ.എ.യും പ്രതിനിധി സംഘങ്ങളെ നേരിട്ടുകണ്ട് കയർ കോർപ്പറേഷനുമായി ചർച്ച ചെയ്തു. ഈ ഓണക്കാലത്ത് ചെറുകിട ഉല്പാദകരുടെ കൈയിൽ നിന്നും coir mats and mattings സംഘങ്ങളുടെ കൈയിൽനിന്നും ഉല്പന്നങ്ങൾ വാങ്ങാൻ കയർ കോർപ്പറേഷന് നിർദ്ദേശം കൊടുക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇപ്പോൾ വ്യവസായം വരുന്നില്ല, തൊഴിലാളികളുടെ സമരംകൊണ്ടാണ് വ്യവസായം വരാത്തതെന്ന് പറഞ്ഞു. എന്റെ നാട്ടിൽ ഒരാൾ ഒരു തൊണ്ടുതല്ല് മിൽ തുടങ്ങി. പോലീസുകാർക്ക് മാസപ്പടി കൊടുക്കാത്തതുകാരണം ഹൈവേ പോലീസ് പട്രോൾ ഇവരുടെ വണ്ടികൾക്ക് 600 രൂപ പെനാൽറ്റി അടിച്ചുകൊടുത്തിരിക്കുകയാണ്. തൊണ്ട് കൊണ്ടുവരുന്ന വണ്ടിക്ക് ഫൈൻ എഴുതിക്കൊടുത്തിട്ട് ആ വ്യവസായം നടത്താൻ കഴിയാത്ത സ്ഥിതിയുണ്ടായിരിക്കുന്നുവെന്ന് പത്രസമ്മേളനം നടത്തി, മന്ത്രിക്ക് പരാതികൊടുത്തു, മുഖ്യമന്ത്രിക്ക് പരാതി കൊടുത്തു. വ്യവസായ വകുപ്പുമന്ത്രിയും ഞാനുംകൂടി പോയി എന്റെ മണ്ഡലത്തിൽ ഉദ്ഘാടനം ചെയ്ത ഒരു വ്യവസായമാണത്. ഇന്ന് പോലീസിനു കൈക്കൂലി കൊടുക്കാത്തതിന്റെ പീഡനം കാരണം ആ വ്യവസായം നിലനിൽക്കുന്നില്ല. മലബാർ മേഖലയിലെ defibering unit-ന്റെ സ്ഥിതിയെ സംബന്ധിച്ച് എന്തെങ്കിലും ചോദിച്ചാൽ ബഹുമാനപ്പെട്ട മന്ത്രി പറയും അത് എൽ.ഡി.എഫ്. ഭരണകാലത്ത് ആരംഭിച്ചതാണെന്ന്. അത് തെറ്റിദ്ധാരണകൊണ്ടാണ്. യു.ഡി.എഫ്. ഭരണകാലത്ത് ശ്രീ. പത്മരാജൻ മന്ത്രിയായിരിക്കുമ്പോഴാണ് വടക്കേ മലബാറിൽ 50-ഓളം defibering unit-കൾ കൊടുത്തത്. ശ്രീ. കെ. സി. വേണുഗോപാലാണ് അവരുടെ അസോസിയേഷന്റെ പ്രസിഡന്റ്. അതുപോലും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. വടക്കേ മലബാറിൽ 20 ലക്ഷം രൂപവച്ച് കൊടുത്തിരുന്ന defibering unit-കൾ ശാസ്ത്രീയമായി പ്രവർത്തിച്ചുവെങ്കിൽ മാത്രമേ തെക്കൻ കേരളത്തിലെ വ്യവസായത്തിന് ചകിരി കിട്ടുകയുള്ളൂ. അതുകൊണ്ടുതന്നെ ആ യൂണിറ്റുകൾ പരിശോധിക്കാനും അവ പ്രവർത്തനക്ഷമമാക്കാനും ആവശ്യമെങ്കിൽ ഗവൺമെന്റ് നേരിട്ട് അതിന്റെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ചകിരികൊണ്ടുവരാനും ശ്രമിക്കണം. ഓണക്കാലമാണ് വരുന്നത്, പട്ടിണികിടക്കുന്ന തൊഴിലാളികളുടെ പെൻഷൻ കുടിശ്ശിക അടിയന്തിരമായി അനുവദിക്കണം, ഓണക്കാലത്ത് കയർ സഹകരണസംഘങ്ങളിൽ പണിയില്ലാത്ത തൊഴിലാളികൾക്ക് ആനുകൂല്യം പ്രഖ്യാപിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകണമെന്ന് ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ ഗൗരിയമ്മ): സർ, കയർ വ്യവസായം നേരിടുന്ന പ്രതിസന്ധിയും കയർ സഹകരണ സംഘങ്ങളുടെ ശോച്യാവസ്ഥയുമാണ് ചോദിച്ചിരിക്കുന്നത്. അദ്ദേഹം സംസാരിച്ചപ്പോൾ കയർ വ്യവസായത്തിന്റെ പ്രശ്നങ്ങൾ പറഞ്ഞില്ല, സഹകരണ സംഘങ്ങളെക്കുറിച്ചാണ് പറഞ്ഞത്. സഹകരണ സംഘങ്ങൾക്കുവേണ്ടിയുള്ള മറുപടി ഞാൻ പറയാം. കേരളത്തിൽ ഏതാണ്ട് 849 സഹകരണസംഘങ്ങളുണ്ട്, അതിൽ ലാഭകരമായി പ്രവർത്തിക്കുന്നത് 21 സഹകരണ സംഘങ്ങളാണ്. Renitalist ചെയ്യാൻ സാധിക്കുന്നത് 464 സംഘങ്ങളാണ്, അതിൽ 161 എണ്ണം ഇപ്പോൾ പ്രവർത്തനവുമില്ല, എന്നാൽ പ്രവർത്തനരഹിതവുമല്ലെന്നുള്ള വിധത്തിലാണ്. 161 സംഘങ്ങൾ liquidate ചെയ്യുന്നതിനുള്ള നടപടികളെടുക്കുകയാണ്. ഒരു വിധത്തിൽ സഹായിച്ചാലും രക്ഷപെടാൻ പറ്റാത്ത അവസ്ഥയിലാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എല്ലാ ആസ്തികളെ സംബന്ധിച്ചും ഏതെല്ലാം സൊസൈറ്റികൾ പുനരുദ്ധരിക്കാം, ഏതെല്ലാം നല്ലതുപോലെ നടത്താൻ കഴിയും, ഏതെല്ലാം സഹായിച്ചാൽ രക്ഷപെടാം, ഏതെല്ലാം liquidate ചെയ്യണം എന്നുള്ളത് സംബന്ധിച്ച് ഡി. സി. സി. യെക്കൊണ്ട് അന്വേഷണം നടത്തിച്ചു. അന്വേഷണം നടത്തിയതിനുശേഷം 21 എണ്ണം ലാഭകരമായി നടക്കുന്നു എന്നു മനസ്സിലായി, 161 എണ്ണം liquidate ചെയ്തെങ്കിൽ മാത്രമേ പറ്റുകയുള്ളൂ, ഒരു വിധത്തിലും അത് പുനരുദ്ധരിക്കാൻ കഴിയില്ല. 464 എണ്ണം പുനരുദ്ധരിക്കാൻ പറ്റുമെന്നുള്ള വിധത്തിൽ നടപടിയെടുത്തുനോക്കാവുന്നതാണ്. അങ്ങനെ ഓരോ സൊസൈറ്റിയേയും സംബന്ധിച്ച് പഠിച്ച് ആവശ്യമായത് പുനരുദ്ധരിക്കാൻ കഴിയുന്നത് പുനരുദ്ധരിക്കുന്നുണ്ട്. സൊസൈറ്റികളുടെ പ്രവർത്തനത്തെപ്പറ്റി എനിക്കും മോശം അഭിപ്രായമാണ്, എങ്കിലും co-operativisation scheme കളയാൻ ഈ ഗവൺമെന്റ് തയ്യാറല്ല; നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് സഹായം കൊടുക്കുന്നത് ആ സ്കീമായിട്ടാണ്. എന്താണ് നമ്മുടെ co-operative system-ൽ ചെയ്തുവന്നത്? സാധാരണനിലയിൽ നോക്കിയാൽ, ഈ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് ആദ്യകാലം മുതൽ ഇന്നുവരെ കൊടുത്തിട്ടുള്ള ഗവൺമെന്റ് ധനസഹായം, കടം, ആവശ്യമുള്ള നടപടികൾ ഇതൊക്കെ നോക്കിയാൽ ഒരു വലിയ വ്യവസായത്തിന് വേണ്ട മുടക്കുമുതലിനുള്ള പണം കൊടുത്തിട്ടുണ്ട്. സൊസൈറ്റികൾ മിക്കവാറും ഇന്ന് ചെന്നെത്തിയിരിക്കുന്നത് അതിന്റെ ബോർഡ് അംഗങ്ങൾക്കും അതിലെ ജീവനക്കാർക്കും ജീവിക്കുന്നതിനുവേണ്ടിയുള്ള ഒരു ഉപാധിയായിട്ടാണ്. തൊഴിലാളിയെ പരിപോഷിപ്പിക്കാറില്ല ഈ വ്യവസായ സ്ഥാപനങ്ങൾ നശിപ്പിച്ചു, ഈ സൊസൈറ്റികളെയൊക്കെ നശിപ്പിച്ചു. ഇതാണ് അതിന്റെ ട്രെൻഡ്. അത് പതിയെപ്പതിയെ നമ്മുടെ മറ്റു സർവ്വീസ് സൊസൈറ്റികളിലേയ്ക്കും വ്യാപിച്ചുതുടങ്ങി. അത് മാറ്റേണ്ട ഒരു നടപടിക്രമമാണ്. തൊഴിൽ സംഘങ്ങളുടെ അംഗങ്ങൾക്കുവേണ്ടി എന്തുദ്ദേശത്തോടുകൂടിയാണോ ഉണ്ടാക്കിയത് അവർക്കുവേണ്ടി പ്രവർത്തിക്കത്തക്കവിധത്തിൽ ഒരു മാനസിക പരിവർത്തനം വരണം. Producers സൊസൈറ്റിയാകണം അതിനുവേണ്ടിയുള്ള നടപടികളും വരണം Produce ചെയ്യാത്തവർ അംഗങ്ങളാകാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതിനാവശ്യമായ വിധത്തിൽ ഗവൺമെന്റ് നടപടികളെടുക്കേണ്ടതുണ്ട്. നിയമ ഭേദഗതികളും വേണ്ടിവരും. 2003-2004-ൽ 49.9 ലക്ഷം രൂപ പുനരുദ്ധാരണത്തിനായി ഗവൺമെന്റ് കൊടുത്തു. 2004-2005-ൽ 75 ലക്ഷം രൂപ ഇതുവരെ വിതരണം ചെയ്തു. കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ liquidate ചെയ്ത് ഇല്ലാതാക്കണമെന്ന് ഗവൺമെന്റിന് ആഗ്രഹമില്ല, പക്ഷേ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ, അപ്കോ സൊസൈറ്റികൾ പോലെ, ക്ഷീരസംഘങ്ങൾപോലെ ഇതിൽ കയർ ഉല്പാദകർ മാത്രം അംഗങ്ങളായും സൊസൈറ്റി അംഗങ്ങളുടെ ഉന്നമനത്തിനുവേണ്ടിയും പ്രവർത്തിക്കത്തക്ക വിധത്തിൽ മാറ്റുന്നതിനെപ്പറ്റി നമ്മൾ ആലോചിക്കണം. അതാണ് പ്രധാനമായിട്ടുള്ളത്, അല്ലാതെ കുറേ നേതാക്കന്മാരുടെ വിഹാരരംഗമാകാൻ പാടില്ല, ആ വിധത്തിൽ തൊഴിലാളികളെ നശിപ്പിക്കാനും പാടില്ലെന്നുമാത്രമേ ഗവൺമെന്റിന് ആഗ്രഹമുള്ളൂ, അല്ലാതെ സൊസൈറ്റികളെ നശിപ്പിക്കാനുള്ള നടപടിയാണ് ഈ ഗവൺമെന്റ് എടുക്കുന്നതെന്ന് ധരിക്കരുത്. പുനഃസംഘടനയെക്കുറിച്ച് ആലോചിക്കുന്നു. 58 Defibering സൊസൈറ്റികൾക്ക് മാത്രം ഡീഫൈബറിംഗ് മെഷീനുകൾ കൊടുത്തതാണ്. അതിൽ എട്ടെണ്ണം വർക്ക് ചെയ്തുകൊണ്ടിരുന്നു. ഏതെല്ലാം പുനരുജ്ജീവിപ്പിക്കാൻ പറ്റുമോ എന്നു നോക്കി. ഇപ്പോൾ 21 എണ്ണം വർക്ക് ചെയ്യുന്നുണ്ട്. ബാക്കിയുള്ളത് ഒന്നുകിൽ റിൽക്കണം. ചിലതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടില്ല. ഇലക്ട്രിസിറ്റിയുൾപ്പെടെ പല പ്രശ്നങ്ങളുമുണ്ട്. അതെല്ലാം ഓരോന്നോരോന്നായി നോക്കി, ലികിഡേറ്റ് ചെയ്യേണ്ടവ ലികിഡേറ്റു ചെയ്യാനും, പുനരുജ്ജീവിപ്പിച്ച് പ്രവർത്തിപ്പിക്കേണ്ടവ അങ്ങനെ പ്രവർത്തിപ്പിക്കാനും ആവശ്യമായ നടപടികൾ എടുക്കുന്നുണ്ട്. ശ്രീ. ടി. കെ. ദേവകുമാർ പറഞ്ഞു, അഞ്ച് ലക്ഷത്തോളം പേർ കയർ വ്യവസായത്തിൽ വർക്കു ചെയ്യുന്നുണ്ട് എന്ന്. അത്രയില്ലെങ്കിലും ഏതാണ്ട് നാലു ലക്ഷം പേർ ഇതിൽ വർക്ക് ചെയ്യുന്നുണ്ട്. ബൃഹത്തായ കേരളത്തിൽ തെങ്ങുകൃഷിയോടനുബന്ധിച്ചുള്ള, തനതായ വ്യവസായമാണ് കയർ അത് നിലനിർത്തണം. ഈ അടുത്ത കാലത്താണ് മറ്റു സ്ഥലങ്ങളിലേയ്ക്ക് അത് വ്യാപിച്ചുതുടങ്ങിയത്. അതിനു കാലാകാലങ്ങളിൽ വരുത്തേണ്ടതായിട്ടുള്ള മാറ്റങ്ങളും, അതിനാവശ്യമായിട്ടുള്ള സപ്പോർട്ടുകളും ശരിക്കും ലഭിക്കാത്തതിന്റെ ഫലമായി വ്യവസായത്തിന്റെ ഒരു വശം ഇന്നും പിന്നോക്കാവസ്ഥയിൽ നിൽക്കുകയാണ്. റീവിംഗ് വരെ നമ്മുടെ കയർ വ്യവസായത്തിൽ വന്നു ഓരോ വർഷവും വ്യവസായത്തിന്റെ എക്സ്പോർട്ട് കൂടുകയാണ്. 2004-2005-ൽ 407 കോടി രൂപയുടെ കയർ ഉല്പന്നങ്ങൾ ഇവിടെ നിന്നും കയറ്റി അയയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഇന്റേണൽ മാർക്കറ്റ് കൂടുന്നുണ്ട്. പക്ഷേ കയർ വ്യവസായം ഇന്നും പ്രതിസന്ധിയിലാണ്. ചകിരി കിട്ടാനില്ല. ചകിരിയുണ്ടാക്കണമെങ്കിൽ ഒന്നുമുതൽ തുടങ്ങണം. ഡീഫൈബറിംഗ് യൂണിറ്റ് മലബാറിൽ മാത്രം നിലനിർത്തി. 58 എണ്ണത്തിൽ 21 എണ്ണം ഒഴിച്ച് ഫുൾടൈം വർക്ക് ചെയ്യുന്നില്ല; എങ്കിലും വർക്കു ചെയ്യിക്കുന്നുണ്ട്. ശ്രീ. ടി. കെ. ദേവകുമാർ പറഞ്ഞു, ചകിരി വന്നിട്ട് അതു ഇറക്കുന്നതിന് ബുദ്ധിമുട്ടായി കിടക്കുന്നു എന്ന്. ഗവൺമെന്റ് advance licence പ്രകാരം ടാക്സില്ലാതെ തൊണ്ട് ഇറക്കുമതി ചെയ്യണമെന്ന് ആവശ്യപ്പെട്ട് കഴിഞ്ഞ കേന്ദ്ര ഗവൺമെന്റിനോട് അപേക്ഷിച്ചിരുന്നു. അന്ന് അത്

LIBRARY ARCHIVES Kerala Legislative Assembly

തള്ളി. ശ്രീലങ്കൻ ഗവൺമെന്ററുമായി ഉണ്ടാക്കിയ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ advance licence-ൽ തൊണ്ട് ഇറക്കാൻ പറ്റില്ലെന്നു പറഞ്ഞു. ലക്ഷക്കണക്കിനു തൊഴിലാളികളും നാട്ടുകാരും ഇതുകൊണ്ടു ജീവിക്കുന്നവരാണ്. ലക്ഷദ്വീപിൽ നിന്നും തൊണ്ട് ഇറക്കുമതി ചെയ്യാൻ നോക്കി. തൊണ്ട് ഇറക്കുമതി ചെയ്യുന്നതിനുവേണ്ടിയുള്ള സംരംഭങ്ങൾ ഒരുപാടു നോക്കിയിട്ടും നടന്നില്ല. അവിടെ തെങ്ങിൽ കയറി തേങ്ങയിടുന്ന സമ്പ്രദായമില്ല. ഉണങ്ങി വീഴുന്ന തേങ്ങയെടുക്കുകയാണ് ചെയ്യുന്നത്. നമുക്ക് ഉണങ്ങിയ തേങ്ങയുടെ ചകിരികൊണ്ട് കാര്യമില്ല. എങ്കിലും ഉല്പാദിപ്പിക്കുന്ന ചകിരി മുഴുവൻ കയർ കോർപ്പറേഷൻ എടുക്കുന്നുണ്ട്; വിതരണം ചെയ്യുന്നുമുണ്ട്. നമുക്കാവശ്യമായിട്ടുള്ള ചകിരി കർണ്ണാടകത്തിൽ നിന്നും വാങ്ങുന്നുണ്ട്. അതിനു എഗ്രിമെന്റായി. ഈ ഗവൺമെന്റ് വന്നതിനുശേഷം മണ്ട് advance licence -ന് അപേക്ഷിച്ചു. ഞാൻ മനസ്സിലാക്കുന്നത്, അതു റെക്കമെന്റ് ചെയ്ത് കോമേഴ്സ് ഡിപ്പാർട്ടുമെന്റിലേയ്ക്കു പോയി എന്നാണ്. കിട്ടുമെന്നാണ് പ്രതീക്ഷ. തീർച്ചയായും ചകിരി ഇറക്കുമതി ചെയ്യും. പുറം സ്ഥലങ്ങളിൽ നിന്നും ടെൻഡർ വിളിച്ച് ചകിരിയെടുക്കാൻ കയർ ഫെഡിന് നിർദ്ദേശം കൊടുത്തു. കഴിഞ്ഞ കൊല്ലം ഒരു കോടി രൂപ കൊടുത്തു. ഇപ്പോൾ ഒന്നരകോടി രൂപ ഡിസ്ട്രസ് ഫണ്ടിൽ നിന്നും ചകിരി വാങ്ങുന്നതിനു കൊടുക്കാൻ പറഞ്ഞിട്ടുണ്ട്. ചകിരി വാങ്ങുന്നതിന് സാധിക്കുന്നത്രയും നടപടികൾ എടുക്കുന്നുണ്ട്. ചകിരി വേണമെങ്കിൽ ഡീഫൈബറിംഗ് യൂണിറ്റുകൾ ഇവിടെ സ്ഥാപിക്കണം. ഡീഫൈബറിംഗ് യൂണിറ്റ് സ്ഥാപിക്കാൻ ഗവൺമെന്റ് തീരുമാനിച്ച് അനുവാദം വാങ്ങി, റൂൾസ് ഉണ്ടാക്കി. ആപ്ളിക്കേഷൻസ് ക്ഷണിച്ചിട്ടുണ്ട്. പ്രൈവറ്റ് വ്യക്തികൾക്കും കൊടുക്കാം. അവർക്കു കൊടുക്കുന്നതിൽ ഒരു ദോഷവുമില്ല. ഞാനും ശ്രീ. ദേവകുമാറും കൂടിയാണ് ഒരു private defibering unit സ്ഥാപിക്കാൻ പോയത്. അദ്ദേഹം പ്രസിഡന്റും ഞാൻ ഉത്ഘാടകയും ആയിരുന്നു. പോലീസുകാരുടെ ശല്യം കൊണ്ടാണ് ഇതു നടക്കാത്തത് എന്നാണ് ഇപ്പോൾ പറയുന്നത്. നിങ്ങൾ അപേക്ഷ തന്നുവെന്നു പറയുന്നുണ്ടെങ്കിലും അങ്ങനെയൊരു അപേക്ഷ തന്നതായിട്ട് എനിക്ക് ഓർമ്മയില്ല. ഇപ്പോൾ ഓർമ്മിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ തീർച്ചയായും അത് ടേക്കപ്പ് ചെയ്യും. ഡീഫൈബറിംഗ് യൂണിറ്റുകൾ ഉണ്ടാകണം. ഇന്ന് ഈ വ്യവസായം അനേകം പ്രശ്നങ്ങൾ നേരിടുകയാണ്. ഏതു വ്യവസായത്തിനും ഏതു കൃഷി സമ്പ്രദായത്തിനും ഏതു തൊഴിൽ സമ്പ്രദായത്തിനും നമ്മുടെ നാട്ടിലെ ജീവിത രീതിയിൽ മാറ്റങ്ങൾ വരുത്തണം. ആ മാറ്റങ്ങൾ ഈ വ്യവസായ രംഗത്തും വരുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ എടുക്കണം. കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കു പുറമേ കുടുംബശ്രീ മാതൃകയിൽ, സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകൾ സംഘടിപ്പിച്ച് കയർ തൊഴിലാളികൾക്ക് റാട്ടും ഒരു മാസത്തെ ചകിരിയും മറ്റും നൽകി. കയർഫെഡുമായി അഫിലിയേറ്റു ചെയ്ത് അവരുടെ കയർ എടുപ്പിക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തക്കതായിട്ടുള്ള സ്കീമും മറ്റും രൂപീകരിച്ച് നടപ്പിലാക്കാനും ശ്രമിക്കുന്നതാണ്. അവരുടെ ജീവിതം മെച്ചപ്പെടുത്തുന്നതിന് വീട്, workshed, ഇലക്ട്രിസിറ്റി, കക്കൂസ്, മറ്റു ജീവിത സൗകര്യങ്ങൾ, മരിച്ചുപോയവരുടെ ആളുകൾക്ക് പെൻഷൻ, ആക്സിഡന്റ്

LIBRARY ARCHIVES Kerala Legislative Assembly

പറ്റുന്നവർക്ക് സഹായം, പഠിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിനും മറ്റുമുള്ള ആനുകൂല്യങ്ങൾ ഇതെല്ലാം ഈ ഗവൺമെന്റു വന്നതിനുശേഷം, കയർ വ്യവസായ welfare ബോർഡിനെക്കൊണ്ടു കൊടുപ്പിക്കാൻ കഴിഞ്ഞു. വലിയൊരു തുക അതിനുവേണ്ടി ചെലവാക്കി. കയർ തൊഴിലാളികളെ സംബന്ധിച്ച് ഈ ഗവൺമെന്റിന് അവരെ രക്ഷിക്കണം എന്നുള്ള ചിന്ത മാത്രമേയുള്ളൂ. അതിനുവേണ്ടിയുള്ള എല്ലാ നടപടികളും എടുക്കുമെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പ് തരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ: ചോദ്യോത്തര വേളയിൽ വ്യവസായ വകുപ്പ് കയറിനെ സംബന്ധിച്ച് ചോദ്യോത്തരങ്ങളിൽ നിന്നും ഒഴിഞ്ഞു എന്നു മാത്രമേ ഞാൻ പറഞ്ഞിട്ടുള്ളൂ. മറുപടി പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മന്ത്രി 21 സംഘങ്ങൾ ലാഭത്തിലാണെന്നും 161 സംഘങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനെക്കുറിച്ചും 121 എണ്ണം ലിക്വിഡേറ്റ് ചെയ്യുന്നതിനെക്കുറിച്ചും മാത്രമേ പറഞ്ഞിട്ടുള്ളൂ. അപ്പോൾ ആകെ കണക്ക് 303 മാത്രമേ ആകുന്നുള്ളൂ. എന്റെ ചോദ്യം പച്ചത്തൊണ്ട് സംഭരിക്കാനുള്ള സംവിധാനം ഗവൺമെന്റ് തലത്തിൽ മുൻകൈ എടുത്ത് നടപ്പിലാക്കാൻ കഴിയുമോ എന്നുള്ളതാണ്. ഓണക്കാലമാകുകയാണ്. കയർ തൊഴിലാളികളുടെ പെൻഷൻ കുടിശ്ശിക ഓണത്തിനുമുമ്പ് വിതരണം ചെയ്യുന്നതിനും ഓണം പ്രമാണിച്ച് ചെറുകിട ഉല്പാദകരുടെ ഉല്പന്നങ്ങൾ കയർകോർപ്പറേഷനെക്കൊണ്ട് വാങ്ങിപ്പിക്കുന്നതിനും ഗവൺമെന്റ് അടിയന്തിരമായി നിർദ്ദേശം നൽകുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ഇപ്പോൾത്തന്നെ ഒരു കാലത്തും ഇല്ലാത്ത വിധത്തിൽ എട്ട് കോടി രൂപ distress purchase-ന് കയർ കോർപ്പറേഷനെ ഏല്പിച്ചു. അതിനുവേണ്ടി പ്രത്യേകം കമ്മിറ്റിയുണ്ട്. ഒരു നിബന്ധന മാത്രമേയുള്ളൂ. വാങ്ങുന്ന സാധനം മാർക്കറ്റബിളാകണം. ഇപ്പോൾ രണ്ട് കോടിയോളം രൂപയുടെ സെസില്ലാത്ത സാധനങ്ങൾ വാങ്ങിവച്ചു. നല്ല സാധനം, മാർക്കറ്റബിൾ സാധനമാണോ ആർക്കു വേണമെങ്കിലും വാങ്ങാം. മാർക്കറ്റിൽ എന്തൊക്കെ സാധനമാണോ ചെലവാകുന്നത് അത് വാങ്ങാം. അല്ലാതെ മാർക്കറ്റിൽ പോകാത്ത സാധനം വാങ്ങി വച്ച് ഗവൺമെന്റിനെയും വ്യവസായത്തെയും നശിപ്പിച്ചിട്ട് വല്ല കാര്യവുമുണ്ടോ? അതുകൊണ്ട് മാർക്കറ്റബിളായുള്ള സാധനം എത്രയുണ്ടായാലും ഈ ഗവൺമെന്റ് വാങ്ങാൻ തയ്യാറാണ്. സാധനം നല്ലതായിരിക്കണം Marketable ആയിരിക്കണം. ഈ ഗവൺമെന്റ് 25 കോടി രൂപയുടെ സ്പെഷ്യൽ ഫണ്ടിനുവേണ്ടി കേന്ദ്ര ഗവൺമെന്റിലേയ്ക്ക് എഴുതി. അതിനാവശ്യമായ Projectകളും കൊടുത്തിരിക്കുകയാണ്. രണ്ടു മൂന്നു കൊല്ലം നമുക്കു പ്രവർത്തിക്കാൻ സാധിച്ചതിനേക്കാൾ നല്ല വിധത്തിൽ പ്രവർത്തിക്കുന്നതിനാവശ്യമായ ഫണ്ട് കിട്ടുമെന്നുള്ള ശുഭപ്രതീക്ഷയുണ്ട്. പെൻഷൻ കുടിശ്ശിക ഇപ്പോൾ തന്നെ രണ്ട് മാസത്തേതു കൊടുക്കുന്നതാണ്.